(വളരെ അടിയന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി4/411/19/സിഇ/തസ്വഭവ

തീയതി: 08.11.2019

# സർക്കുലർ

വിഷയം :- തസ്വഭവ - സാങ്കേതിക വിഭാഗം – 2018 ലെ പ്രളയക്കെടുതികൾ മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധാരണം/പുനർനിർമ്മാണം നടത്തുന്നത് – പ്രവൃത്തികളുടെ പട്ടികയിൽ അധിക വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്

പരാമർശം:-

1) ഈ കാര്യാലയത്തിലെ 11.09.2018 ലെ എ3-10718/2018/സിഇ/ എൽഎസ് ജിഡി നമ്പർ സർക്കുലർ
2) ഈ കാര്യാലയത്തിലെ 04.01.2019 ലെ എ3-10718/2018/സിഇ/ എൽഎസ് ജിഡി നമ്പർ സർക്കുലർ
3) 07.11.2019 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശം

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് 2018 ലെ പ്രളയക്കെടുതി മൂലം റോഡ്, കലുങ്ക്, പാലം എന്നിവയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സൂചന സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള കാറ്റഗറി തിരിച്ച് ആവശ്യകത കണക്കിലെടുത്ത്, priority നിശ്ചയിച്ച് പട്ടിക സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും പട്ടിക തയ്യാറാക്കി ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും ആയത് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് സൂചന (2) പ്രകാരം പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ നിയോജക മണ്ഡലം തിരിച്ച് P-1037 Google sheet സൂചന (1) പ്രകാരം തയ്യാറാക്കിയ പട്ടികയിൽ നിയോജക മണ്ഡലം രോഖപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ആയതിൽ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കിയതനുസരിച്ച് സർക്കാരിലേക്ക് Proposal സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. സൂചന (3) പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെ പറയും വിവരങ്ങൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

1. സമർപ്പിച്ച Proposal ൽ റോഡിന്റെ നീളം, വീതി, carriage way width, criteria for selection, നിലവിലെ അവസ്ഥ (കേടുപാടുകൾ പരിഹരിച്ചു/പ്രവൃത്തി പൂർത്തീകരിച്ചു) എന്നിവ രേഖപ്പെടുത്തി Proposal പുനർസമർപ്പിക്കേണ്ടതാണ്. ഇതിനായി **P-1037** Google sheet ൽ വേണ്ട മാറ്റങ്ങൾ നടത്തിയിട്ടുണ്ട്.

2. P-1037 Google sheet അതാത് കാര്യാലയങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഏതെങ്കിലും ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ/വിട്ടുപോയിട്ടുണ്ടെങ്കിൽ, ആയത് മുകളിൽ പറഞ്ഞിട്ടുള്ള

വിവരങ്ങൾ സഹിതം രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഇതിനായി പ്രൊഫോർമ പൂർത്തീകരിച്ച് .സമർപ്പിക്കേണ്ടതാണ്.,

Criteria for Selection താഴെ പറയും വിധമാണ്.

1. Roads that had public Transport system ie, Bus routes, Heavy Commercial Vehicles, Medium commercial Vehicles.
2. Roads with connectivity to important places such as pilgrimages, Tourism places etc.
3. Socio Economic benefits such as connectivity to village access to public Institutions, Service Centres like Schools, Hospitals, Growth Centres, Market yards, Industrial Centres etc.
4. Roads connecting a link between the two rural locations, Ward also include PWD roads, Major District Roads (MDRs), other District Roads (ODRs), roads that facilitate bye pass of Vehicles during heavy traffic to the main roads.
5. Relevant works that are to be done at site because of urgent of nature, which are not involved in the above criteria.
6. Relevant works for which Re-surfacing ie required Non-Relevant works (Routine maintenance alone required).

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരിശോധിച്ച് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതാണ്. (ബ്ലോക്ക് പഞ്ചായത്തിന്റേതുൾപ്പെടെ മുനിസിപ്പാലിറ്റികളുടേത് അതാത് ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളുടേത് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ജില്ലകളിലെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് കളുടേത് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മുകളിൽ സൂചിപ്പിച്ചിട്ടുള്ള Proforma യിൽ **15.11.2019 ഉച്ചയ്ക്ക് 1 മണിയ്ക്ക് മുൻപായി** രേഖപ്പെടുത്തലുകൾ നടത്തി സമർപ്പിക്കേണ്ടതാണ്. ബഹു.മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കേണ്ടതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ് എന്ന വിവരംകൂടി അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

ആർ/-